**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: E3-10490/17.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 3..4..2017

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. വിനു. കെ.എസ്,
കല്ലൻകുടി വീട്, ചെങ്ങര
പട്ടിമറ്റം പി.ഒ,
എറണാകുളം-683 562.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് - സാംബന്ധിച്ച്-

സൂചന: ശ്രീ.വിനു.കെ.എസ് വിവരാവകാശ പ്രകാരം സമർപ്പിച്ച 1-3-2017ലെ അപേക്ഷ.

വിവരാവകാശ നിയമപ്രകാരം താങ്കൾ സൂചന അപേക്ഷയിലൂടെ ആവശ്യപ്പെട്ടിട്ടുള്ള മറുപടി ചുവടെ പറയുന്നു.

1. സൂപ്പർവൈസർ തസ്തികയിൽ ഓരോ വിഭാഗത്തിലെയും ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തിയ സ്ഥിതിവിവര കണക്ക് 29.3.2016ലെ ഉത്തരവിലെ അവസാന സ്റ്റേറ്റ്മെന്റിൽ കാണാവുന്നതാണ്. ഇത് 2.3.2016ലെ സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിലുള്ളതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ ആദ്യ സ്റ്റേറ്റ്മെന്റിൽ കാണുന്ന 423 എന്നത് 30.11.2015ലെ സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിലുള്ളതാണെന്നും ഉത്തരവിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. ജനറൽ കാറ്റഗറിയിൽ ആകെ അനുവദിക്കപ്പെട്ടിട്ടുള്ള 770 തസ്തികകളിൽ 384 ജീവനക്കാരായിരുന്ന 2.3.16ൽ ഉണ്ടായിരുന്നത്. (Annexure A1) ഇതിനു പുറമെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നതും റഗുലറൈസ് ചെയ്യപ്പെട്ടതുമായ 36 പേരും 423ൽ ജനറൽ കാറ്റഗറിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇത് സർക്കാർ പരിഗണനയിലുമാണ് എന്നാൽ 29.3.16ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ഒരാൾ മരണപ്പെട്ടിരുന്നു. 35 പേരുടെ പട്ടിക 29.3.16ലെ ഉത്തരവിനോടൊപ്പം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 30.11.2015ലെ സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിലാണ് താങ്കൾ സൂചിപ്പിക്കുന്ന 423 പേരുടെ പട്ടിക തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്നും 2.3.16ലെ സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിലാണ് അന്തിമ ക്രമീകരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും അറിയിക്കുന്നു. ആയതിനാൽ താങ്കൾ പരാമർശിക്കുന്ന വിധത്തിൽ 39 പേരെ കൂടി

അധികമായി ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ കാറ്റഗറിയിൽ നിയമിക്കപ്പെട്ടവരെയും (384) റഗുലറൈസ് ചെയ്യപ്പെട്ട 35 പേരുടെയും സ്റ്റേറ്റ്മെന്റ് വകുപ്പിന്റെ website-ൽ കാണാവുന്നതാണ് (2.3.2016 തീയതി പ്രാബല്യത്തിലുള്ള .

2. മേൽപ്പറഞ്ഞ മറുപടി അടിസ്ഥാനത്തിൽ ബാധകമല്ല.
3. ജനറൽ കാറ്റഗറിയിലാണ് ഇവരെ ഉൾപ്പെടുത്തിയിട്ടുള്ളത്. (35 പേർ) ഇത് സർക്കാർ പരിഗണനയിലാണ്.
4. സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച 29.3.16ലെ E3/36386/15 എന്ന ഉത്തരവിലെ ആദ്യ പട്ടിക 30.11.2015ലെ സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ഉത്തരവിലെ അന്തിമ ക്രമീകരണ ഉത്തരവ് 2.3.16ലെ സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിലുമുള്ളതാണ്. മാസങ്ങളിൽ ഉണ്ടായിട്ടുള്ള വ്യത്യാസം ജീവനക്കാരുടെ എണ്ണത്തിലും വ്യത്യാസങ്ങൾക്ക് കാരണമാകുന്നതാണ്.
5. അങ്കണവാടി വർക്കർ വിഭാഗത്തിൽ നിന്നും സൂപ്പർവൈസർ തസ്തികയിലേക്ക് നിയമനം നൽകിയിട്ടുള്ള 55 പേരെ വിവിധ കാറ്റഗറിയിൽ ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ സർക്കാരിന്റെയും PSCയുടേയും ഉപദേശങ്ങൾക്കു വിധേയമായി തീരുമാനിക്കുന്നതാണ്.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്.എൽ.ശ്യാംശങ്കർ**
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്
സാമൂഹ്യനീതി വകുപ്പ്

*db@17*